പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം<br>നം. T 4818 | 24. 07.2015- ൽ മറുപടി<br>നല്കേണ്ടത്. |
|---|---|

**<u>ഭക്ഷ്യ പദാർത്ഥങ്ങളിലെ കീടനാശിനി / രാസ പരിശോധന</u>**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | | **ശ്രീ. വി. എസ്. ശിവകുമാർ**<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | അന്യസംസ്ഥാനങ്ങളിൽ നിന്നും പഴം, പച്ചക്കറി, പാൽ ഇടങ്ങിയ ഭക്ഷ്യവസ്തുക്കൾ എത്ര ടൺ വീതം സംസ്ഥാനത്ത് പ്രതിദിനം എത്തുന്നു ണ്ടെന്ന് വിശദമാക്കാമോ ; | എ) | ആയത് സംബന്ധിച്ച കണക്കുകൾ വകുപ്പിൽ ലഭ്യമല്ല |
| ബി) | ഈ ഭക്ഷ്യ പദാർത്ഥങ്ങളിൽ കീടനാശിനികളും രാസവസ്തുക്കളും ഉപയോഗിക്കുന്നത് തടയുന്നതിനും ആയത് പരിശോധിക്കുന്നതിനും എന്തെല്ലാം മാർഗ്ഗങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ ; | ബി) | സംസ്ഥാനത്തെ ജില്ലാ ഓഫീസുകളിൽ ഓരോ അസിസ്റ്റന്റ് ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥരും തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ ഓരോ അസിസ്റ്റന്റ് കമ്മീഷണർ ഓഫ് ഫുഡ്സേഫ്റ്റി ഇന്റലിജൻസ് സ്ക്വാഡും, 140 സർക്കിൾ ഫുഡ് സേഫ്റ്റി ഓഫീസുകളുമാണ് പരിശോധനയ്ക്കായി നിലവിലുള്ളത്. ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ ശേഖരിക്കുന്ന സാമ്പിളുകൾ പരിശോധിക്കുന്നതിനായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ ഓരോ അനലിറ്റിക്കൽ ലാബുമാണ് നിലവിലുള്ളത്. |
| സി) | അന്യസംസ്ഥാനങ്ങളിൽ നിന്നും വരുന്ന മുഴുവൻ ഭക്ഷ്യവസ്തുക്കളും പരിശോധിക്കുന്നതിന് നിലവിൽ സംവിധാനമുണ്ടോ; എങ്കിൽ വിശദമാക്കാമോ ; | സി) | അന്യസംസ്ഥാനങ്ങളിൽ നിന്നും വരുന്നത് ഉൾപ്പെടെ എല്ലാത്തരം ഭക്ഷ്യവസ്തുക്കളുടെയും സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ പരിശോധനയ്ക്ക് അയയ്ക്കാറുണ്ട്. |
| ഡി | കഴിഞ്ഞസാമ്പത്തിക വർഷം ഇത്തരത്തിലുള്ള എത്ര പരിശോധന കൾ നടത്തിയിട്ടുണ്ടെന്നും എത്ര കേസുകൾ രജിസ്റ്റർ ചെയ്തി ട്ടുണ്ടെന്നും വെളിപ്പെടുത്തുമോ ? | | 2003 പരിശോധന നടത്തിയതിൽ 133 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ